"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ്- മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തിനു മുന്നോടിയായി വാർഡു തലത്തിലും, പ്രഖ്യാപന ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന നിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡബ്ല്യു.എം) വകുപ്പ്**

സ.ഉ.(സാധാ) നം.717/2025/LSGD തീയതി,തിരുവനന്തപുരം, 17-03-2025

പരാമർശം:- 1. സ. ഉ (സാധാ) നം. 1844/2024/LSGD, തിയ്യതി, 03/10/2024

2. സർക്കുലർ നം WM3/44/2025 — LSGD, തിയ്യതി - 16/02/2025

3. ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 22/02/2025 ലെ SM/517/2025/CS നമ്പർ കത്ത്

**ഉത്തരവ്**

മാലിന്യമുക്തം നവകേരളം പ്രഖ്യാപനം 2025 മാർച്ച് 30ന് അന്താരാഷ്ട്ര സീറോ വേസ്റ്റ് ദിനത്തിൽ നടത്താൻ പരാമർശം 1 പ്രകാരം തീരുമാനിച്ചിരുന്നു. പ്രഖ്യാപനത്തിനു മുന്നോടിയായി വാർഡു തലത്തിലും, പ്രഖ്യാപന ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ പ്രത്യേകമായി പുറപ്പെടുവിക്കുമെന്ന് പരാമർശം(2) ൽ നിർദ്ദേശിച്ചിരുന്നു.

അതിൻപ്രകാരം മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തിന് മുന്നോടിയായി വാർഡു തലത്തിലും, പ്രഖ്യാപന ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ, ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന പ്രകാരം, അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ പ്രവർത്തനങ്ങൾ സംസ്ഥാനതലത്തിലും ഫീൽഡ് തലത്തിലും ഹരിതകേരളം മിഷനും തദ്ദേശസ്വയംഭരണവകുപ്പും സംയുക്തമായി നിർവഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
അഡിഷണൽ സെക്രട്ടറി

കോ ഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി 2
പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്, തിരുവനന്തപുരം

പ്രോജക്ട് ഡയറക്ടർ, കെ എസ് ഡബ്ല്യൂ എം പി
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്
ഡയറക്ടർ ജനറൽ, കില
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ( പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫൊർമേഷൻ കേരള മിഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (G&SSA/E&RSA) കേരള, തിരുവനന്തപുരം
ഡയറക്ടർ(I&PRD), വെബ് & മീഡിയ
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Manish V V
Date: 17-03-2025 18:49:54

മാലിന്യമുക്തം നവകേരളം പ്രഖ്യാപനത്തിന് മുന്നോടിയായി വാർഡു തലത്തിലും, പ്രഖ്യാപന ദിനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും നടത്തേണ്ട പ്രവർത്തനങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ

I. **വാർഡ് തല ശുചിത്വ പ്രഖ്യാപന സദസ്സ് — (മാർച്ച് 17 മുതൽ - 22 വരെ)**

1. **ദൈർഘ്യം**

- കുറഞ്ഞത് 2 മണിക്കൂർ

2. **പങ്കെടുക്കേണ്ടവർ**

- വാർഡിലെ മുഴുവൻ വീടുകളുടെയും പ്രതിനിധികൾ, സർക്കാർ, സ്വകാര്യ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, മാലിന്യ സംസ്കരണത്തിൽ പുതുമയാർന്ന മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തിയ വാർഡിലെ വ്യക്തികൾ, വാർഡിലെ എല്ലാ ജനകീയ സംഘടനകളുടെയും പ്രതിനിധികൾ, കുടുംബശ്രീ അയൽക്കൂട്ട ഭാരവാഹികൾ, പരിപാടിയിലേക്ക് പ്രത്യേകക്ഷണിതാക്കളായി വരുന്നവർ

3. **മുന്നൊരുക്ക പ്രവർത്തനങ്ങൾ**

- വാർഡ് നിർവഹണ സമിതി ചേർന്ന് പ്രത്യേകമായി ക്ഷണിക്കപ്പെടേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി ഇവരെ നേരിട്ട് ക്ഷണിക്കുക, പരിപാടിയുടെ സംഘാടനം ആസൂത്രണം ചെയ്യുക.

4. **കാര്യപരിപാടികൾ**

i. വാർഡ് മെമ്പർ വാർഡിലെ ശുചിത്വ മാലിന്യ പ്രവർത്തനങ്ങളുടെ സ്റ്റാറ്റസ് അവതരണം (അവതരിപ്പിക്കേണ്ട ടെമ്പ്ലേറ്റ് അനുബന്ധം 1 ആയി നൽകുന്നു)
ii. ശുചിത്വ സദസ്സിലേക്ക് പ്രത്യേകമായി ക്ഷണിച്ചവരിൽ നിന്നും അവതരണം
iii. അവതരണത്തിനു ശേഷം അവതരണം നടത്തിയ വാർഡിൽ മികച്ച പ്രവർത്തനം നടത്തിയ വീടുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, ജനകീയ സംഘടനകൾ, മികച്ച പൊതു ഇടംഎന്നിവർക്ക് അംഗീകാര പത്രം.
iv. ശുചിത്വ സദസ്സിൽ പങ്കെടുത്ത എല്ലാവരും ചേർന്ന് ശുചിത്വ പ്രതിജ്ഞ ഏറ്റെടുക്കുന്നു.
v. സംസ്ഥാനതലത്തിൽ ഏപ്രിൽ 9 — 13 വരെ നടക്കുന്ന മെഗാ ഇവന്റ് സംബന്ധിച്ച അവതരണം
vi. മാലിന്യ സംസ്കരണത്തിൻറെ സന്ദേശം ഉൾകൊള്ളുന്ന സാംസ്കാരിക പരിപാടികൾ.

5. **തദ്ദേശ സ്വയംഭരണ സ്ഥാപന തല പരിപാടിയിലെക്കുള്ള തയ്യാറെടുപ്പ്**

- തദ്ദേശസ്വയംഭരണ സ്ഥാപന തല ശുചിത്വ പ്രഖ്യാപന ചടങ്ങിലേക്ക് വേണ്ടി വാർഡിൽ നിന്നും പങ്കെടുക്കേണ്ട വ്യക്തികൾ, സ്ഥാപനങ്ങൾ, വീടുകൾ എന്നിവ തിരഞ്ഞെടുക്കൽ
- വാർഡിലെ ഏറ്റവും മികച്ച വീടുകൾ, സ്ഥാപനങ്ങൾ, മികച്ച പ്രവർത്തനം നടത്തിയ വ്യക്തികൾ എന്നിവർ

II. **തദ്ദേശ സ്വയംഭരണ സ്ഥാപന തല ശുചിത്വ പ്രഖ്യാപനം (എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും മാർച്ച് 30 ന്)**

1. **ദൈർഘ്യം**

- അർദ്ധ ദിനം (3 Pm — 6 Pm)

2. **പങ്കെടുക്കേണ്ടവർ**

- വാർഡിൽ നിന്നും തിരഞ്ഞെടുത്ത പ്രതിനിധികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എല്ലാ

സംഘടനാ പ്രതിനിധികളും, ഹരിത സഭയിൽ പങ്കെടുത്ത കുട്ടികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എല്ലാ ജനപ്രതിനിധികൾ, കുടുംബശ്രീ ശുചിത്വ ഉച്ചകോടിയിൽ പങ്കെടുത്ത വിദ്യാർഥികൾ, ജനകീയ സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകൾ എന്നിവയുടെ പ്രതിനിധികൾ , NSS, ഭൂമിത്ര സേന, സ്കൗട്ട് & ഗൈഡ്സ്, റെഡ്ക്രോസ് സൊസൈറ്റി, സ്റ്റുഡന്റ് പോലീസ് കേഡറ്റ് അംഗങ്ങൾ

**3. മുന്നൊരുക്ക പ്രവർത്തനങ്ങൾ**

- തദ്ദേശ സ്വയംഭരണ സ്ഥാപന തല നിർവഹണ സമിതി യോഗം ചേർന്ന് സംഘാടനം, പങ്കാളിത്തം, കാര്യപരിപാടി, ക്ഷണിക്കപെടേണ്ടവരുടെ ലിസ്റ്റ് എന്നിവ ചർച്ച ചെയ്ത് തീരുമാനിക്കുക.
- ശുചിത്വ പ്രഖ്യാപനത്തിൻറെ സ്മാരകമായി ഒരു സ്ഥലം കണ്ടെത്തി വൃത്തിയാക്കി, ഇൻസ്റ്റലേഷൻ (Theme: Waste to Art) സ്ഥാപിക്കുക.
- പ്രഖ്യാപനത്തിന് മൂന്നു ദിവസം മുൻപ് മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ ഉടനീളം പ്രഖ്യാപനം സംബന്ധിച്ച മൈക്ക് അനൗൺസ്മെന്റുകൾ

**4. കാര്യപരിപാടികൾ**

i. ശുചിത്വ സന്ദേശ ജാഥ — വിവിധ വാർഡുകളിൽ നിന്നും പങ്കെടുകുന്ന പ്രതിനിധികൾ, ജനപ്രതിനിധികൾ, ഭരണസമിതി അംഗങ്ങൾ, വിദ്യാർഥികൾ, ഹരിതകർമ്മ സേന അംഗങ്ങൾ, എൻ. എസ്. എസ്, എസ്. പി. സി, സ്കൗട്ട്സ് & ഗൈഡ്സ്, റെസിഡൻസ് അസോസിയേഷൻ, ജനകീയ സംഘടനകൾ എന്നിവരെ അണിനിർത്തികൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ ശുചിത്വ സന്ദേശ ജാഥയോടെ തുടക്കം.

ii. തദ്ദേശ സ്വയംഭരണ സ്ഥാപന തല അധ്യക്ഷൻ ശുചിത്വ — മാലിന്യ സംസ്കരണ അവസ്ഥാ റിപ്പോർട്ട് അവതരിപ്പിക്കുക (ടെമ്പ്ലേറ്റ് അനുബന്ധം 1ൽ നൽകിയിരിക്കുന്നു)

iii. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ മികച്ച വീട്, മികച്ച വാർഡ്, സ്ഥാപനം, റെസിഡൻസ് അസോസിയേഷൻ, ജനകീയ സംഘടന, ഹരിത വായനാശാല, ഹരിത പൊതു ഇടം, ഹരിത അയൽക്കൂട്ടം, ഹരിത ടൌൺ, വാർഡിലെ ഹരിത വിദ്യാലയങ്ങൾ തുടങ്ങിയ അവാർഡ് പ്രഖ്യാപനവും, വിതരണവും.

iv. പ്രത്യേകം ക്ഷണിക്കപ്പെട്ടവരിൽ നിന്നും തിരഞ്ഞെടുക്കപെട്ടവരുടെ അവതരണം — മികച്ച വീട്, മികച്ച വാർഡ്, സ്ഥാപനം, റെസിഡൻസ് അസോസിയേഷൻ, ജനകീയ സംഘടന, ഹരിത വായനാശാല, ഹരിത പൊതു ഇടം, ഹരിത അയൽക്കൂട്ടം, ഹരിത ടൌൺ, വാർഡിലെ ഹരിത കലാലയങ്ങൾ, ഹരിത വിദ്യാലയങ്ങൾ എന്നിവയുടെ വീഡിയോ അവതരണം

v. ബഹു. മുഖ്യമന്ത്രി സംസ്ഥാനത്തിന്റെ ശുചിത്വ പ്രഖ്യാപനം നടത്തുന്നത് തത്സമയം സംപ്രേഷണം.

vi. ശുചിത്വ സന്ദേശം ഉൾകൊള്ളിച്ചുകൊണ്ടുള്ള കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ

vii. സംസ്ഥാന തലത്തിൽ ഏപ്രിൽ 9 — 13 വരെ നടക്കുന്ന മെഗാ ഇവന്റ് സംബന്ധിച്ച അവതരണം - പ്രോമോ വിഡിയോ

viii. ശുചിത്വ സന്ദേശം ഉൾകൊള്ളുന്ന കലാ -സാംസ്കാരിക പരിപാടികൾ.

**5. ജില്ലാതല പരിപാടിയിലേക്ക് ഉള്ള മുന്നൊരുക്ക പ്രവർത്തനം**

ജില്ലാതല പരിപാടിയിലേക്കുള്ള തദ്ദേശ സ്വയംഭരണ സ്ഥാപന തല പ്രതിനിധികളെ കണ്ടെത്തുക

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സജീവമായ പങ്കാളിത്തം ഉറപ്പാക്കുക
- ഓരോ വിഭാഗത്തിലും പുരസ്കാരം ലഭിച്ചവരെ പ്രത്യേക ക്ഷണിതാക്കളായി തിരഞ്ഞെടുക്കുക.

**III. ബ്ലോക്ക് തലം — ഏപ്രിൽ 3**

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേതിന് സമാനമായ രീതിയിൽ ജില്ലാ തല പ്രഖ്യാപനങ്ങൾക്ക് മുൻപായി ബ്ലോക്ക് തല പരിപാടി സംഘടിപ്പിക്കേണ്ടതാണ്.

**1. ദൈർഘ്യം**

- അർദ്ധദിനം

2. **പങ്കെടുക്കേണ്ടവർ**
   - ബ്ലോക്ക് പഞ്ചായത്തിലെ ജനപ്രതിനിധികൾ
   - ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്ത് പ്രതിനിധികൾ
   - ബ്ലോക്ക് തല ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ വകുപ്പിലെ വിവിധ ഏജൻസികളുടെയും, ഹരിത കേരളം മിഷന്റെയും കീഴിലെ റിസോഴ്സ് പേർസൺമാർ
   - ഗ്രാമപഞ്ചായത്ത് തലത്തിൽ സമ്മാനത്തിന് അർഹരായവർ
3. കാര്യപരിപാടി
   - വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും തിരഞ്ഞെടുത്ത മികച്ച മാതൃകകളുടെ അവതരണം, ആദരിക്കൽ - തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലെ മികച്ച വീട്, മികച്ച വാർഡ്, സ്ഥാപനം, റെസിഡൻസ് അസോസിയേഷൻ, ജനകീയ സംഘടന, ഹരിത വയനാശാല, ഹരിത പൊതു ഇടം, ഹരിത അയൽക്കൂട്ടം, ഹരിത ടൌൺ, വാർഡിലെ ഹരിത കലാലയങ്ങൾ, ഹരിത വിദ്യാലയങ്ങൾ

**IV. ജില്ലാ തലം — ഏപ്രിൽ 5**

1. **ദൈർഘ്യം**
   - ഒരു ദിവസം

2. **പങ്കെടുക്കേണ്ടവർ**
   - എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും (ബ്ലോക്ക് ഉൾപ്പെടെ) ജനപ്രതിനിധികൾ
   - തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും തിരഞ്ഞെടുത്ത മികച്ച പ്രവർത്തനം കാഴ്ചവെച്ചവർ (വീടുകൾ, സ്ഥാപനങ്ങൾ, വ്യക്തികൾ, സംഘടനകൾ, ഹരിത കർമ്മ സേന)
   - തദ്ദേശ സ്വയംഭരണ വകുപ്പ്, വകുപ്പിന് കീഴിലെ വിവിധ ഏജൻസികൾ എന്നിവയുടെ ജില്ലാ-ബ്ലോക്ക് തല ഉദ്യോഗസ്ഥർ
   - വിവിധ സർക്കാർ വകുപ്പുകളുടെ ജില്ലാതല ഉദ്യോഗസ്ഥർ, പ്രതിനിധികൾ
3. **മുന്നൊരുക്ക പ്രവർത്തനങ്ങൾ**
   - ജില്ലാ നിർവഹണ സമിതി യോഗം ചേർന്ന് സംഘാടനം, പങ്കാളിത്തം, കാര്യപരിപാടികൾ എന്നിവ ആസൂത്രണം ചെയ്യുക
   - ജില്ലാതലത്തിൽ ഒരു സ്ഥലം കണ്ടെത്തി വൃത്തിയാക്കി ശുചിത്വ പ്രഖ്യാപനത്തിൻറെ സ്മാരകമായി ഒരു ഇൻസ്റ്റലേഷൻ (Theme: Waste to Art) സ്ഥാപിക്കുക.
4. **കാര്യപരിപാടികൾ**
   i. DPC ചെയർപേഴ്സന്റെ അധ്യക്ഷതയിൽ ജില്ലാ കളക്ടർ/ജില്ലാ ജോയിന്റ് ഡയറക്ടർ ജില്ലയുടെ ശുചിത്വ മാലിന്യ സംസ്കരണ സ്റ്റാറ്റസ് റിപ്പോർട്ട് അവതരിപ്പിക്കുക (ടെമ്പ്ലേറ്റ് അനുബന്ധം 1ൽ നൽകിയിരിക്കുന്നു)
   ii. ജില്ലയിലെ വിവിധ അവാർഡുകളുടെ പ്രഖ്യാപനവും വിതരണവും
   iii. അവാർഡ് ലഭിച്ച ഇനങ്ങളിൽ ഏറ്റവും മികച്ച മാതൃകകളുടെ അവതരണങ്ങൾ
   iv. സംസ്ഥാന തലത്തിൽ ഏപ്രിൽ 9 — 13 വരെ നടക്കുന്ന മെഗാ ഇവന്റ് സംബന്ധിച്ച അവതരണം
   v. ശുചിത്വ മാലിന്യ സംസ്കരണ സന്ദേശങ്ങൾ ഉൾപെട്ട കലാ സാംസ്കാരിക പരിപാടികൾ.

**പൊതു നിർദ്ദേശങ്ങൾ**

- പൊതു ഇടങ്ങളിൽ ഇനിയും നിലനിൽക്കുന്ന മാലിന്യം നീക്കം ചെയ്യുന്നതിന് വേണ്ടി മാർച്ച്22, 23 തീയ്യതികളിലായി എല്ലാ പൊതുസ്ഥലങ്ങളും കേന്ദ്രീകരിച്ച് വിപുലമായ ശുചീകരണ പരിപാടി സംഘടിപ്പിക്കേണ്ടതാണ്.
- മാർ ച്ച് 30ന ബഹു. മുഖ്യമന്ത്രി നടത്തുന്ന ശുചിത്വ പ്രഖ്യാപനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും (ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് ഉൾപ്പെടെ) തൽസമയം സംപ്രേഷണം ചെയ്യേണ്ടതാണ്.
- അവർഡുകൾ അവയുടെ മാനദണ്ഡങ്ങൾ എന്നിവ ഉൾകൊള്ളിച്ച വിശദമായ ഉത്തരവ്

പുറപ്പെടുവിക്കുന്നതാണ്

- അനുബന്ധം 1ൽ നൽകിയിരിക്കുന്ന ടെംപ്ലേറ്റ് ഒരു അടിസ്ഥാന രേഖയാക്കി മാത്രം കണക്കാക്കി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ കൂട്ടിച്ചേർക്കലുകൾ ഉൾപ്പെടുത്താവുന്നതാണ്.

**സാമ്പത്തികം**

വാർഡ് തലത്തിലും, തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും നടക്കുന്ന പരിപാടികളുടെ മുഴുവൻ ചിലവും അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ് ഇതിനായി ഇവരുടെ പ്ലാൻ ഫണ്ട്, തനതു ഫണ്ട് എന്നിവ ഉപയോഗിക്കാവുന്നതാണ്. വാർഡ് തലം മുതൽ തദ്ദേശ സ്വയംഭരണ സ്ഥാപന തലം വരെ നടക്കേണ്ട പ്രവർത്തനങ്ങളിലെ പരമാവധി ചിലവ് താഴെ പറയുന്ന രീതിയിൽ നിജപ്പെടുത്തിയിരിക്കുന്നു

- ഗ്രാമപഞ്ചായത്ത് തലത്തിൽ പരമാവധി 2 ലക്ഷം
- മുനിസിപ്പാലിറ്റി തലത്തിൽ പരമാവധി 5 ലക്ഷം
- കോർപ്പറേഷൻ തലത്തിൽ പരമാവധി 10 ലക്ഷം

ജില്ലാ തലത്തിൽ നടക്കേണ്ട പരിപാടികൾക്ക് ആവശ്യമായ ചിലവുകൾ ശുചിത്വ മിഷൻ, ഹരിത കേരള മിഷൻ,KSWMP എന്നിവർ ചേർന്ന് തുല്യമായി വഹിക്കേണ്ടതാണ്. പരമാവധി 10 ലക്ഷം രൂപവരെ ഇതിനായി ചിലവഴിക്കാവുന്നതാണ്. ചിലവുകൾ കുറയ്ക്കുന്നതിനു വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്പോൺസർഷിപ്പുകളുടെ സാധ്യത പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്.

**അനുബന്ധം 1**

**മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - വാർഡ് തല അവസ്ഥാ റിപ്പോർട്ട്**

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്
2. വാർഡ് നമ്പർ
3. വാർഡിലെ നേട്ടങ്ങൾ

| ക്രമ നം | | 2023 മാർച്ച് | 2025 ഫെബ്രുവരി |
|---|---|---|---|
| 1 | വാതിൽപ്പടി ശേഖരണം | | |
| 2 | യൂസർ ഫീസ് ശേഖരണം | | |
| 3 | മിനി MCF കളുടെ എണ്ണം | | |
| 4 | ഹരിത കർമ്മ സേനകളുടെ എണ്ണം | | |
| 5 | ഹരിതമിത്രം ആപ്പളിക്കേഷൻ/മറ്റ് മാലിന്യ സംസ്കരണത്തിനായുള്ള ഡിജിറ്റൽ ആപ്ളിക്കേഷൻ സബ്സ്ക്രിപ്ഷൻ ശതമാനം | | |
| 6 | ആകെ പൊതു ബിന്നുകളുടെ എണ്ണം | | |
| 7 | ആകെ ബോട്ടിൽ ബൂത്തുകളുടെ എണ്ണം | | |

4. സ. ഉ (സാധാ) നം. 1844/2024/LSGD (03/10/2024) ഉത്തരവിൽ പ്രതിപാദിക്കുന്ന ശുചിത്വ പദവി ലഭിച്ച വാർഡിലെ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, പൊതു സ്ഥലങ്ങൾ, ടൌണുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവ

| ക്രമ നം | ഹരിത പ്രഖ്യാപനം | പേര് | ലഭിച്ച സ്കോർ |
|---|---|---|---|
| 1 | ഹരിത അയൽക്കൂട്ടങ്ങൾ | 1. | |
| | | 2. | |
| | | 3. | |
| | | 4. | |
| 2 | ഹരിത സ്ഥാപനങ്ങൾ | 1. | |

| | | | |
|---|---|---|---|
| | | 2. | |
| | | 3. | |
| | | 4. | |
| 3 | ഹരിത വിദ്യാലയങ്ങൾ | 1. | |
| | | 2. | |
| | | 3. | |
| | | 4. | |
| 4 | ഹരിത കലാലയങ്ങൾ | 1. | |
| | | 2. | |
| | | 3. | |
| | | 4. | |
| | | | |
| 5 | ഹരിത പൊതു സ്ഥലങ്ങൾ | 1. | |
| | | 2. | |
| | | 3. | |
| | | 4. | |
| 6 | ഹരിത ടൌണുകൾ | 1. | |
| | | 2. | |
| | | 3. | |
| | | 4. | |
| 7 | ഹരിത വിനോദ സഞ്ചാര കേന്ദ്രങ്ങൾ | 1. | |
| | | 2. | |
| | | 3. | |
| | | 4. | |

5. വാർഡ് തല നിർവഹണ സമിതി രൂപീകരിച്ചതിന് ശേഷം ആകെ നടത്തിയ മീറ്റിങ്ങുകളുടെ എണ്ണം
6. മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിന് വേണ്ടി വാർഡിൽ നടത്തിയ നൂതനമായ പ്രവർത്തനങ്ങൾ
7. വാർഡിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ-വിടവുകൾ
8. വാർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും നടത്തേണ്ട പ്രവർത്തനങ്ങൾ

**മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - തദ്ദേശ സ്വയംഭരണ സ്ഥാപന തല അവസ്ഥാ റിപ്പോർട്ട്**

1. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പേര്
2. തദ്ദേശ സ്വയംഭരണ സ്ഥാപന തല നേട്ടങ്ങൾ

| ക്രമ നം | | 2023 മാർച്ച് | 2025 ഫെബ്രുവരി |
|---|---|---|---|
| 1 | വാതിൽപ്പടി ശേഖരണം | | |
| 2 | യൂസർ ഫീസ് ശേഖരണം | | |
| 3 | മിനി MCF കളുടെ എണ്ണം (മിനി MCF കൾ ഇല്ലെങ്കിൽ വാഹനങ്ങളുടെ എണ്ണം) | | |
| 4 | MCF-RRF കളുടെ എണ്ണം | | |
| 5 | ഹരിത കർമ്മ സേനകളുടെ എണ്ണം | | |
| 6 | പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ എണ്ണം (തുമ്പൂർ മുഴി, വിൻഡ്രോ തുടങ്ങിയ കമ്പോസ്റ്റ് സംവിധാനങ്ങൾ) | | |
| | | | |

| | | | |
|---|---|---|---|
| 7 | ഹരിതമിത്രം ആപ്പ്ളിക്കേഷൻ/മറ്റ് മാലിന്യ സംസ്കരണത്തിനായുള്ള ഡിജിറ്റൽ ആപ്ളിക്കേഷൻ സബ്സ്ക്രിപ്ഷൻ ശതമാനം | | |
| 8 | ആകെ പൊതു ബിന്നുകളുടെ എണ്ണം | | |
| 9 | ആകെ ബോട്ടിൽ ബൂത്തുകളുടെ എണ്ണം | | |

**3.** സ. ഉ (സാധാ) നം. 1844/2024/LSGD (03/10/2024) ഉത്തരവിൽ പ്രതിപാദിക്കുന്ന ശുചിത്വ പദവി ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, പൊതു സ്ഥലങ്ങൾ, ടൗണുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവ

| ക്രമ നം | ഹരിത പ്രഖ്യാപനം | ആകെ എണ്ണം | ഹരിത പദവി ലഭിച്ചവയുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 1 | അയൽക്കൂട്ടങ്ങൾ | | | |
| 2 | സ്ഥാപനങ്ങൾ | | | |
| 3 | വിദ്യാലയങ്ങൾ | | | |
| 4 | കലാലയങ്ങൾ | | | |
| 5 | പൊതു സ്ഥലങ്ങൾ | | | |
| 6 | ടൗണുകൾ | | | |
| 7 | വിനോദ സഞ്ചാര കേന്ദ്രങ്ങൾ | | | |

**4. നിർവഹണ സമിതികൾ**

- തദ്ദേശ സ്വയംഭരണ സ്ഥാപന തല നിർവഹണ സമിതി ആകെ നടത്തിയ യോഗങ്ങളുടെ എണ്ണം –
- **വാർഡ് തല നിർവഹണ സമിതി**

| ക്രമ നം. | | ആകെ വാർഡ്കളുടെ എണ്ണം | ആകെ എണ്ണം | രൂപീകരിക്കാത്ത വാർഡ്കളുടെ എണ്ണം |
|---|---|---|---|---|
| | വാർഡ് തല നിർവഹണ സമിതി | | | |

**5.** എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

| ക്രമ നം. | ആകെ നടത്തിയ പരിശോധനകൾ | കണ്ടെത്തിയ നിയമ ലംഘനങ്ങൾ | ആകെ ചുമത്തിയ പിഴ | ആകെ ഈടാക്കിയ പിഴ | പിഴ ഈടാക്കിയതിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | ജനുവരി 2025 | | | | |
| 2 | ഫെബ്രുവരി 2025 | | | | |
| 3 | മാർച്ച് 2025 | | | | |
| 4 | 2023 മാർച്ച് മുതൽ - 2025 മാർച്ച് വരെ | | | | |

**6.** മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിന് വേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നടത്തിയ

നൂതനമായ പ്രവർത്തനങ്ങൾ

7. തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ-വിടവുകൾ
8. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻറെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും നടത്തേണ്ട പ്രവർത്തനങ്ങൾ
9. 13 മാനദണ്ഡങ്ങളിലുമായി ആകെ ലഭിച്ച സ്കോർ

**മാലിന്യമുക്തം നവകേരളം ജനകീയ ക്യാമ്പയിൻ - ജില്ലാ തല അവസ്ഥാ റിപ്പോർട്ട്**

1. ജില്ലയുടെ പേര്
2. ജില്ലയുടെ നേട്ടങ്ങൾ

| ക്രമ നം | | 2023 മാർച്ച് | 2025 ഫെബ്രുവരി | |
|---|---|---|---|---|
| 1 | വാതിൽപ്പടി ശേഖരണം | | | |
| 2 | യൂസർ ഫീസ് ശേഖരണം | | | |
| 3 | മിനി MCF കളുടെ എണ്ണം | | | |
| 4 | MCF കളുടെ എണ്ണം | | | |
| 5 | RRF കളുടെ എണ്ണം | | | |
| 6 | ഹരിത കർമ്മ സേനകളുടെ എണ്ണം | | | |
| 7 | പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനങ്ങളുടെ എണ്ണം (തുമ്പൂർ മുഴി, വിൻഡ്രോ തുടങ്ങിയ കമ്പോസ്റ്റ് സംവിധാനങ്ങൾ) | | | |
| 8 | ഹരിതമിത്രം ആപ്ലിക്കേഷൻ/മറ്റ് മാലിന്യ സംസ്കരണത്തിനായുള്ള ഡിജിറ്റൽ ആപ്ലിക്കേഷൻ സബ്സ്ക്രിപ്ഷൻ 100 ശതമാനത്തിൽ കുറവുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | | | |
| 9 | ആകെ പൊതു ബിന്നുകളുടെ എണ്ണം | | | |
| 10 | ആകെ ബോട്ടിൽ ബൂത്തുകളുടെ എണ്ണം | | | |

3. സ. ഉ (സാധാ) നം. 1844/2024/LSGD (03/10/2024) ഉത്തരവിൽ പ്രതിപാദിക്കുന്ന ശുചിത്വ പദവി ലഭിച്ച തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിലെ സ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, പൊതു സ്ഥലങ്ങൾ, ടൌണുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ, അയൽക്കൂട്ടങ്ങൾ തുടങ്ങിയവ

| ക്രമ നം | ഹരിത പ്രഖ്യാപനം | ആകെ എണ്ണം | ഹരിത പദവി ലഭിച്ചവയുടെ എണ്ണം | ശതമാനം |
|---|---|---|---|---|
| 1 | അയൽക്കൂട്ടങ്ങൾ | | | |
| 2 | സ്ഥാപനങ്ങൾ | | | |
| 3 | വിദ്യാലയങ്ങൾ | | | |
| 4 | കലാലയങ്ങൾ | | | |
| 5 | പൊതു സ്ഥലങ്ങൾ | | | |
| 6 | ടൌണുകൾ | | | |
| 7 | വിനോദ സഞ്ചാര കേന്ദ്രങ്ങൾ | | | |
| 8 | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | | | |

4. ജില്ലാ തല നിർവഹണ സമിതി ആകെ നടത്തിയ യോഗങ്ങളുടെ എണ്ണം –

- **തദ്ദേശ സ്വയംഭരണസ്ഥാപന തല നിർവഹണ സമിതി**

| ക്രമ നം. | | ആകെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം | ആകെ എണ്ണം തദ്ദേശ സ്വയംഭരണ സ്ഥാപന തല നിർവഹണ സമിതികളുടെ എണ്ണം | രൂപീകരിക്കാത്ത സ്വയംഭരണ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|
| | തദ്ദേശ സ്വയംഭരണ സ്ഥാപന തല നിർവഹണ സമിതി | | | |

5.എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ

| ക്രമ നം. | ആകെ നടത്തിയ പരിശോധനകൾ | കണ്ടെത്തിയ നിയമ ലംഘനങ്ങൾ | ആകെ ചുമത്തിയ പിഴ | ആകെ ഈടാക്കിയ പിഴ | പിഴ ഈടാക്കിയതിന്റെ ശതമാനം |
|---|---|---|---|---|---|
| 1 | ജനുവരി 2025 | | | | |
| 2 | ഫെബ്രുവരി 2025 | | | | |
| 3 | മാർച്ച് 2025 | | | | |
| 4 | 2023 മാർച്ച് മുതൽ - 2025 മാർച്ച് വരെ | | | | |

6 . മാലിന്യ സംസ്കരണം ഫലപ്രദമാക്കുന്നതിന് വേണ്ടി ജില്ലയിൽ നൂതനമായ പ്രവർത്തനങ്ങൾ നടത്തിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അവയുടെ പ്രവർത്തനങ്ങളും

7. ജില്ലാ തലത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ-വിടവുകൾ

8 . ജില്ലാ തലത്തിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും നടത്തേണ്ട പ്രവർത്തനങ്ങൾ

9. സമ്പൂർണ്ണ ശുചിത്വ പദവിയിലേക് എത്തിയ ജില്ലയിലെ ആകെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ